8. 7.50 ലക്ഷം രൂപയുടെ നിരതദ്രവ്യം.

(സി) രേഖകൾ സമർപ്പിക്കേണ്ടിയിരുന്ന അവസാന തീയതി 21-7-99 രേഖകൾ നൽകിയ തീയതി 20-7-99.

(ഡി) ഇല്ല. രേഖകൾ നൽകുവാൻ കാലതാമസം വരുത്തിയിട്ടില്ല ആവശ്യമായ സ്പെസിഫിക്കേഷനുകൾ പൂർണ്ണമായും അനുയോജ്യമായതല്ല എന്ന കാരണത്താലാണ് കെൽട്രോണിന് ഓർഡർ നഷ്ടപ്പെട്ടത്.

(ഇ) ഉദ്ദേശം 2 കോടി രൂപ.

9 (565) വ്യവസായ വികസനത്തിന് മാസ്റ്റർ പ്ലാൻ

ശ്രീ. വി.സി. കബീർ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇലക്ട്രോണിക്സ് സോഫറ്റ്വെയർ വ്യവസായങ്ങൾ വിപുലീകരിക്കുവാനുള്ള എന്തെങ്കിലും പദ്ധതിയുണ്ടോ?

(ബി) ജപ്പാൻ, സ്വിറ്റ്സർലാന്റ് തുടങ്ങിയ രാജ്യങ്ങളിലെ മാതൃകയിൽ ചെറുകിട ഇലക്ട്രോണിക്സ് വ്യവസായ സ്ഥാപനങ്ങളുടെ വ്യാപനം നടത്തുവാനും ചെറുകിട വ്യവസായസ്ഥാപനങ്ങളിലെ ഉൽപ്പാദകർക്ക് പരിശീലനവും നൽകാനും സബ്സിഡിയോടെ അസംസ്കൃത വസ്തുക്കൾ നൽകുവാനും ഉൽപ്പന്നങ്ങൾ സർക്കാർ ഏജൻസികളിലൂടെ വിപണനം നടത്തുവാനും ഉള്ള ഒരു പദ്ധതി ആവിഷ്കരിക്കുമോ?

(സി) ലാഭകരമാക്കാൻ നിവൃത്തിയില്ലാത്ത പൊതുമേഖലാ വ്യവസായ ശാലകളെ മറ്റു രൂപത്തിലുള്ള വ്യവസായശാലകളാക്കി കൺവർട്ട്ചെയ്യാൻ ഉള്ള ഒരു മാസ്റ്റർപ്ലാൻ തയ്യാറാക്കുമോ?

ഉത്തരം

(എ) ഇലക്ട്രോണിക്സ്-സോഫ്റ്റ്വെയർ വ്യവസായങ്ങളുടെ പുരോഗതിക്കുതകുന്ന പരിപാടികളടങ്ങിയ സമഗ്രമായ ഒരു ഇൻഫർമേഷൻ ടെക്നോളജി നയരേഖ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്.

(ബി)&(സി) ഇക്കാര്യങ്ങൾ ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

10 (566) പൂട്ടിക്കിടക്കുന്ന വ്യവസായ സ്ഥാപനങ്ങൾ

ശ്രീ. എൻ.ആർ. ബാലൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര വ്യവസായ സ്ഥാപനങ്ങൾ ഇപ്പോൾ പൂട്ടിക്കിടക്കുന്നുണ്ട്;

(ബി) ഈ സ്ഥാപനങ്ങൾ ഓരോന്നും എന്നു മുതൽക്കാണ് പൂട്ടിക്കിടക്കുന്നത് എന്ന് വ്യക്തമാക്കുമോ;

(സി) ഈ സ്ഥാപനങ്ങൾ പൂട്ടിയിടാനുള്ള കാരണങ്ങൾ വ്യക്തമാക്കുമോ;

(ഡി) ഇവ തുറന്നു പ്രവർത്തിപ്പിക്കുന്നതിനുവേണ്ടി സർക്കാരിന്റെ ഭാഗത്തു നിന്നുണ്ടായിട്ടുള്ള ശ്രമങ്ങൾ വിശദീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly